# KCBC COMMISSION FOR FAMILY

Pastoral Orientation Centre(P.O.C.), Palarivattom, Kochi - 682025, Ph:9495812190
Email:kcbcfamilycommission@gmail.com, Website:www.kcbcfamilycommission.org

**All Kerala Press Release** **31 /07/2022**
*Ref: 355/KCBC/FLY/ 07*

## ദൈവവിശ്വാസം ഇല്ലാത്ത കുടുംബങ്ങൾക്ക് ആപത്ത്
## മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ

**കൊച്ചി:** മക്കൾക്ക് ദൈവവിശ്വാസം പകർന്നു നല്കാതെ കൊടുക്കുന്ന വിദ്യാഭ്യാസം കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കാൻ ഇടയുണ്ടെന്ന് കെസിബിസി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പറഞ്ഞു. കെസിബിസി ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച വിവിധ രൂപതകളിലെ കുടുംബപ്രേഷിത രംഗത്ത് പ്രവർത്തിക്കുന്നവരുടെ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആഗോള കത്തോലിക്കാസഭയുടെ കുടുംബവർഷ സമാപനത്തോടനുബന്ധിച്ചാണ് പരിപാടി സംഘടിപ്പിച്ചത്. പാലാരിവട്ടം പാസ്റ്റൽ ഓറിയന്റേഷൻ സെന്ററിൽ വച്ച നടന്ന സംഗമത്തിൽ കെസിബിസി ഡപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ ജേക്കബ് പാലാക്കാപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു.

കുടുംബം ജാഗ്രത പുലർത്തേണ്ട ചില മേഖലകളെക്കുറിച്ച് കെസിബിസി ജാഗ്രത കമ്മീഷൻ സെക്രട്ടറി റവ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐയും പ്രോലൈഫ് ചിന്തകളെക്കുറിച്ച് കെസിബിസി പ്രോലൈഫ് ജനറൽ സെക്രട്ടറി ജെയിംസ് ആഴ്ചങ്ങാടനും സഭാനവീകരണത്തെക്കുറിച്ച് കെസിബിസി ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിയും വിശദീകരിച്ചു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, റവ. ഫാ. ജോസ് കിഴക്കേൽ, റവ. സി. സോളി ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു. കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുത്തത്.

**ഫോട്ടോ മാറ്റർ:** കെസിബിസി ഫാമിലി കമ്മീഷൻ സംഘടിപ്പിച്ച കുടുംബപ്രേഷിത സംഗമം കെസിബിസി ഫാമിലി കമ്മീഷൻ വൈസ് ചെയർമാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ ഉദ്ഘാടനം ചെയ്യുന്നു. റവ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ, റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, റവ. ഡോ. ക്ലീറ്റസ് വർഗീസ് കതിർപറമ്പിൽ, റവ. ഫാ. ജോസ് കിഴക്കേൽ, ജെയിംസ് ആഴ്ചങ്ങാടൻ, റവ. ഫാ ജേക്കബ് പാലാക്കാപ്പിള്ളി, റവ. സി. സോളി ചാക്കോ എന്നിവർ സമീപം

**ഫാ. ക്ലീറ്റസ് വർഗിസ് കതിർപറമ്പിൽ**
**സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ**